## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2306** **14-10-2024 - ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024 ഫെബ്രുവരി മാസത്തിന് ശേഷം രാജി, വിട്ടുതൽ, സ്ഥാനകയറ്റം, ലീവ് വിത്തൗട്ട് അലവൻസ് എന്നിവ മുഖേന എത്ര ഒഴിവുകളാണ് ഡിഗ്രി ക്വോട്ടയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ തസ്തികയിൽ വന്നിട്ടുള്ളത്; ഇതിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) | 2024 ഫെബ്രുവരി മാസത്തിന് ശേഷം രാജി, വിട്ടുതൽ, സ്ഥാനകയറ്റം, ലീവ് വിത്തൌട്ട് അലവൻസ്എന്നിവ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഡിഗ്രീ ക്വാട്ടയിൽ (പി.എസ്.സി മുഖേനനേരിട്ടുള്ള നിയമനം ) 19 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ആയതിൽ 10 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശൂന്യവേതാനാവധി / ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞതിനെ തുടർന്ന് ഡിഗ്രി ക്വാട്ടയിൽ ഉൾപ്പെട്ട 5 പേർക്ക് വകുപ്പിൽ പുനർ നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി മുഖേനനേരിട്ട് നിയമനം ലഭിച്ച മൂന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഡെപ്യൂട്ടേഷൻ കാലാവധി 17/10/2024 ലും ഒരാളുടെ കാലാവധി 17/11/2024 ലും അവസാനിക്കുന്നതിനാൽ പുനർനിയമനം നൽകേണ്ടതുള്ളതിനാലും 9 (9=5+4) ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>അസിസ്റ്റന്റ്എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം ക്വാട്ടയിൽ അനുവദിക്കപ്പെട്ട അംഗബലം 700 ആണ്. പ്രസ്തുത തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ കേഡർ സ്ട്രെങ്ങ്തിൽ അധികരിക്കാതെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തസ്തികയിൽ അസിസ്റ്റന്റ് എൻജിനീയർ മുതൽ സൂപ്രണ്ടിങ് എൻജിനീയർ വരെയുള്ള തസ്തികകളിൽ പ്രമോഷൻ നടപടികൾ എന്തുകൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്കുള്ള പ്രമോഷനുമായി ബന്ധപ്പെട്ട് ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) No.56/17 & OP(KAT)No:71/17 എന്നീ കേസുകളിൻമേൽ 20/10/2023 -ൽ പുറപ്പെടുവിച്ച ഉത്തരവിൽ പൊതു സർവീസ് രൂപീകരണത്തിന് മുൻപ് ആഗിരണം ചെയ്യപ്പെട്ട വകുപ്പിലുള്ള ഒഴിവിലേയ്ക്ക് പ്രമോഷന് |

| | | | | |
|---|---|---|---|---|
| | | | | അർഹതയില്ലെന്നും, കൂടാതെ പൊതു സർവീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പുതുക്കിയ സീനിയോരിറ്റി പ ട്ടിക തയ്യാറാക്കുന്നതിനും ഉത്തരവായിരുന്നു. പ്രസ്തുത ബഹു. ഹൈക്കോടതി ഉത്തരവിനെതിരെ ശ്രീ.ഹരിദാസ് മുതൽ പേർ ബഹു. സുപ്രീം കോടതിയിൽ SLP(C) No.25991/2023 നമ്പറായി സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് 01/12/2023 -ൽ ഉത്തരവായിട്ടുണ്ട്. ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം രൂപീകൃതമായപ്പോൾ മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നും മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ ആഗിരണം ചെയ്ത 28 ജീവനക്കാർക്ക് രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്കും, ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്കും പ്രമോഷൻ അനുവദിച്ച തീയതി പുനർനിർണ്ണയിച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ആഗിരണം ചെയ്ത 28 ജീവനക്കാർക്ക് രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് നോഷണൽ പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഒന്നാം ഗ്രേഡ് തസ്തികയിലെയ്ക്കും നോഷണൽ പ്രമോഷൻ അനുവദിച്ച് നൽകിയതിന് ശേഷം മാത്രമേ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ സീനിയോരിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിന് കഴിയുകയുള്ളൂ. ആഗിരണം ചെയ്യപ്പെട്ട 28 ജീവനക്കാരുടെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ പ്രമോഷൻ പുനർനിർണ്ണയിച്ചതിന് ശേഷം മാത്രമേ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളു.<br><br>ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No. 526/2024 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച 02/04/2024-ലെ ഉത്തരവ് പ്രകാരം നിലവിലുള്ള ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് താത്കാലിക പ്രമോഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നീ തസ്തികകളിലെ പ്രമോഷൻ അടിയന്തിരമായി നടത്തുന്നതിനായി ഡിപിസി യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തസ്തികയിൽ എത്ര എൻ. ജെ. ഡി. ഒഴിവുകളാണ് ഡിഗ്രി ക്വോട്ടയിൽ നിലവിലുള്ളത്; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13/08/2024-ലെ LSGD/PD/11968/2023-DEA4 നമ്പർ ഉത്തരവ് പ്രകാരം 13 ഉദ്യാഗാർത്ഥികൾക്ക് ഡിഗ്രി ക്വാട്ടയിൽ നിയമന ഉത്തരവ് നൽകിയിരുന്നു. എൻ.ജെ.ഡി ഒഴിവ് ലഭ്യമാകുന്ന പക്ഷം ആയത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ